(ബി) ജൈവ കൃഷിനയം പ്രഖ്യാപിക്കുവാനുദ്ദേശമുണ്ടോ ;

(സി) ജൈവ കാർഷികോല്പന്നങ്ങൾ സംസ്ഥാനത്തുനിന്നും കയറ്റുമതി ചെയ്യാനുദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ഡ്രാഫ്റ്റ് ആക്ഷൻ പ്ലാൻ തയ്യാറായി.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കാർഷിക കയറ്റുമതി മേഖലയിൽ രാസവളം ഉപയോഗിക്കാതെ ഉല്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കയറ്റുമതി ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് കയറ്റുമതിക്കാരുടെയും കൃഷിക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പച്ചക്കറി കർഷകർക്ക് നൽകുന്ന സഹായം

80 (1875) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചക്കറി കൃഷി ചെയ്യുന്ന കൃഷിക്കാർക്കും കാർഷിക സംഘങ്ങൾക്കും കൃഷി വകുപ്പിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണനം നടത്തുന്നതിന് എന്തെങ്കിലും സഹായങ്ങൾ കൃഷിവകുപ്പ് അനുവദിച്ച് തരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2003-2004-ലെ സംസ്ഥാനാവിഷ്കൃത പദ്ധതിവഴി പച്ചക്കറി കൃഷി നടത്തുന്ന ഹരിതസംഘങ്ങൾക്ക് കൃഷി ചെലവുകൾക്കായി ഹെക്ടറിന് 8000 രൂപ വീതം റിവോൾവിംഗ് ഫണ്ടായി നൽകി വരുന്നു. കൂടാതെ അർബൻ ഏരിയായിലെ റസിഡൻസ് അസോസിയേഷനുകൾക്ക് 27.75 ലക്ഷം രൂപ ചിലവഴിച്ചുകൊണ്ട് 111000 പച്ചക്കറി വിത്ത് കിറ്റുകൾ നൽകുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിവഴി പരമ്പരാഗതമായി കൃഷി ചെയ്യുന്ന കർഷകസംഘങ്ങൾക്ക് ഹെക്ടറിന് 5000 രൂപ റിവോൾവിംഗ് ഫണ്ടായി നൽകി വരുന്നു. കൂടുതെ ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ (ജൈവീക രീതിയിലെ കൃഷിക്കായി) നൽകി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. ഒരു ഹരിത സംഘത്തിന് ചുരുങ്ങിയത് 2 ഹെക്ടർ സ്ഥലത്തെങ്കിലും പച്ചക്കറി കൃഷി ചെയ്യുമ്പോൾ ആണ് ആനുകൂല്യങ്ങൾ നൽകുന്നത്. കൂടാതെ 50 സെന്റ് വീതമുള്ള ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ കർഷകരുടെ കൃഷിയിടങ്ങളിൽ നിർമ്മിക്കുന്നതിന് 4000 രൂപ വീതവും വിത്തുല്പാദനത്തിനായി കർഷകർക്ക് 1.1 ലക്ഷം രൂപയും മൊത്തം നൽകാൻ നീക്കിവച്ചിട്ടുണ്ട്.

(ബി) 2003-2004 വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം മാർക്കറ്റിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി 5 ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നു. 2002-2003 വർഷത്തിൽ മാർക്കറ്റിംഗ് സൗകര്യങ്ങൾക്കായി 16 ലക്ഷം രൂപ സംസ്ഥാനത്തൊട്ടാകെ ചിലവഴിക്കുകയുണ്ടായി.

കൂടാതെ കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (ഹോർട്ടികോർപ്പ്) കർഷകരിൽനിന്നും കർഷകസംഘങ്ങളിൽ നിന്നും പച്ചക്കറികൾ നേരിട്ടു സംഭരിച്ച് വിപണനം നടത്തുന്നത് കർഷകർക്ക് ഏറെ സഹായകമായിട്ടുണ്ട്.

മണ്ഡരിരോഗത്തിന് പരിഹാരം കാണാൻ നടപടി

81 (1876) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെങ്ങിനെ ബാധിക്കുന്ന മണ്ഡരി രോഗത്തിനു പരിഹാരം കണ്ടു പിടിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) മണ്ഡരിയെ നശിപ്പിക്കുന്നതിനുള്ള പ്രതിവിധി കണ്ടെത്താൻ കാർഷികസർവ്വകലാശാല എന്തെല്ലാം ഗവേഷണങ്ങൾ നടത്തി ;

(സി) പ്രസ്തുത സർവ്വകലാശാലയ്ക്ക് അതിനുള്ള പരിഹാരം കണ്ടുപിടിക്കാനായോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) മണ്ഡരിബാധമൂലം കൊപ്രയുൽപ്പാദനത്തിൽ കുറവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതിനു ഒരു പരിഹാരം കണ്ടുപിടിച്ചതായി സർക്കാരിനെ അറിയിച്ചിട്ടില്ല. ചില അഗ്രികൾച്ചറൽ പ്രാക്ടീസസ് സ്വീകരിച്ചാൽ ഇതിനെ നിയന്ത്രിക്കാൻ കഴിയും എന്നു കണ്ടെത്തിയിട്ടുണ്ട്.

(ബി) 1998-ൽ ആണ് മണ്ഡരി ആദ്യമായി കണ്ടത്. ഉടൻതന്നെ കാർഷിക സർവ്വകലാശാല പ്രതിവിധിക്കുള്ള പരീക്ഷണങ്ങൾ ഏറ്റെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം 2% അഥവാ ഡയിക്കോഫോൾ പ്രയോജനകരമായി കാണുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മാസ്സീവ്

LIBRARY ARCHIVES Kerala Legislative Assembly